പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്തൽ

22 (*352) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകകൾ കണ്ടെത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഓരോ വർഷവും പ്രഖ്യാപിത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടുണ്ടോ;

(സി) പ്രഖ്യാപിത പദ്ധതികൾക്ക് വിഭവ സമാഹരണം കണ്ടെത്താൻ ഓരോ വർഷവും സാധിക്കാതിരിക്കുമ്പോഴും വീണ്ടും പ്രഖ്യാപനങ്ങൾ നടത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ തുക	ചെലവഴിച്ച തുക	ശതമാനം
2011-12	12010	11759	98%
2012-13	14010	12573	90%
2013-14	17000	14029	83%
2014-15	20000	14252*	71%

(*താൽക്കാലിക കണക്കുകൾ പ്രകാരം)

കഴിഞ്ഞ നാല് വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുകയുടെ ശരാശരി 83% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയ തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.

(ബി) പദ്ധതി ചെലവുകൾക്കായി പ്രയ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതു കാരണം പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാതിരിക്കുകയോ വെട്ടിച്ചുരുക്കുകയോ ഉണ്ടായിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രയ്യാപിക്കുന്നതും. പ്രയ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തിയാക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

23 (*353) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ മേഖല നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളുന്ന നടപടികൾ സ്ഥിതിഗതികൾ ഗുരുതരമാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ മേഖല ശക്തിപ്പെടുത്തി സാമൂഹ്യ പുരോഗതിക്ക് ഉപയുക്തമാക്കുന്ന നടപടികൾക്ക് തയ്യാറാകുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) കേരളത്തിലെ സഹകരണ മേഖല നാശോന്മുഖമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി സംസ്ഥാന സഹകരണ വകുപ്പ് നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കുകയും അതിലൂടെ സഹകരണ മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ രംഗം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നിലവിലുള്ളവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതോടൊപ്പം പ്രവർത്തന മേഖലയിലെ പോരായ്മകൾ

997/18

LIBRARY ARCHIVES Kerala Legislative Assembly